ലോക എയ്ഡ്സ് ദിനം 2026: Ending AIDS Start with Access (എയ്ഡ്സ് നിർമാർജനം ആരംഭിക്കുന്നത് ആരോഗ്യസേവനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിലൂടെയാണ്)

ഈ വർഷത്തെ ലോക എയ്ഡ്സ് ദിനത്തിന്റെ പ്രമേയം 'ലഭ്യത' (Access) ആണ്. സേവനങ്ങൾ, അവകാശങ്ങൾ, വിഭവങ്ങൾ, രാഷ്ട്രീയ നേതൃത്വം എന്നിവയിലേക്കുള്ള ലഭ്യത. ലഭ്യതയില്ലെങ്കിൽ ലോകത്തിന് എയ്ഡ്സ് അവസാനിപ്പിക്കാൻ കഴിയില്ല.

ആഗോളതലത്തിലും ഇന്ത്യയിലുമുള്ള എച്ച്.ഐ.വി. വ്യാപനത്തിന്റെ നിലവിലെ സ്ഥിതി

UNAIDS 2025-ലെ കണക്കുകളും ഇന്ത്യയുടെ HIV Estimates 2025 റിപ്പോർട്ടും അടിസ്ഥാനമാക്കി ആഗോളതലത്തിലും ഏഷ്യ-പസഫിക് മേഖലയിലും ഇന്ത്യയിലുമുള്ള എച്ച്.ഐ.വി. അണുബാധയുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ, എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും പുതിയ അണുബാധകൾ തടയുന്നതിനും എച്ച്.ഐ.വി. ബാധിതരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഊർജിതമായ ഇടപെടലുകൾ ആവശ്യമാണെന്ന് വ്യക്തമാകുന്നു.

ലോകത്താകമാനം 15-49 വയസ്സിനിടയിലുള്ളവരിൽ എച്ച്.ഐ.വി. വ്യാപനനിരക്ക് (Adult HIV Prevalence) 0.70 ശതമാനമാണ്. ഏഷ്യ-പസഫിക് മേഖലയിലും **ഇന്ത്യയിലും ഇത്**

0.20 ശതമാനമാണ്. ആഗോളതലത്തിൽ ഏകദേശം 4.08 കോടി ആളുകൾ എച്ച്.ഐ.വി.യുമായി ജീവിക്കുന്നവരാണ്. ഇതിൽ ഏഷ്യ-പസഫിക് മേഖലയിൽ ഏകദേശം 69 ലക്ഷം പേരും **ഇന്ത്യയിൽ ഏകദേശം 25.61 ലക്ഷം** പേരും ഉൾപ്പെടുന്നു. ഇന്ത്യയിലെ എച്ച്.ഐ.വി. ബാധിതരുടെ എണ്ണം ആഗോളതലത്തിൽ തന്നെ ശ്രദ്ധേയമാണ്.

പുതിയ എച്ച്.ഐ.വി. അണുബാധകളുടെ കാര്യത്തിൽ ലോകത്താകമാനം പ്രതിവർഷം ഏകദേശം 13 ലക്ഷം പുതിയ അണുബാധകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ഏഷ്യ-പസഫിക് മേഖലയിൽ ഇത് 3 ലക്ഷം ആണ്. **ഇന്ത്യയിൽ പ്രതിവർഷം ഏകദേശം 64,470 പുതിയ എച്ച്.ഐ.വി. അണുബാധകൾ ഉണ്ടാകുന്നതായാണ് കണക്ക്.** എന്നാൽ 2010-നെ അപേക്ഷിച്ച് പുതിയ അണുബാധകളിൽ ആഗോളതലത്തിൽ 40 ശതമാനവും ഏഷ്യ-പസഫിക് മേഖലയിൽ 17 ശതമാനവും ഇന്ത്യയിൽ 48.69 ശതമാനവും കുറവുണ്ടായിട്ടുണ്ട്. ഇന്ത്യയിലെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഗുണപരമായ ഫലപ്രാപ്തി ഇതിലൂടെ വ്യക്തമാകുന്നു.

കേരളത്തിലെ എച്ച്.ഐ.വി. അണുബാധയുടെ വ്യാപനം, ചികിത്സാ പരിരക്ഷ, പുതിയ അണുബാധകൾ, എയ്ഡ്സ് അനുബന്ധ മരണങ്ങൾ എന്നിവ പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായി കാണാം. ലഭ്യമായ HIV Estimates കണക്കുകൾ പ്രകാരം **കേരളത്തിലെ 15-49 വയസ്സിനിടയിലുള്ളവരിലെ എച്ച്.ഐ.വി. വ്യാപനനിരക്ക് (Adult**

HIV Prevalence) 0.07 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ താഴ്ന്ന നിരക്കാണ്. എങ്കിലും കുറഞ്ഞ വ്യാപനനിരക്ക് എന്നത് എച്ച്.ഐ.വി. അണുബാധയുടെ സാധ്യത പൂർണമായും ഇല്ലാതായി എന്നർത്ഥമാക്കുന്നില്ല. അതിനാൽ പൊതുജനങ്ങൾക്കിടയിൽ തുടർച്ചയായ ബോധവത്കരണം, ആവശ്യാനുസൃതമായ എച്ച്.ഐ.വി. പരിശോധന, രോഗബാധ നേരത്തേ കണ്ടെത്തൽ, സമയബന്ധിതമായ ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്. പ്രത്യേകിച്ച് കൂടുതൽ അപകടസാധ്യതയുള്ള വിഭാഗങ്ങളായ ലൈംഗിക തൊഴിലാളികൾ , മയക്കു മരുന്ന് കുത്തി വയ്ക്കുന്നവർ തുടങ്ങിയവരിൽ പ്രതിരോധ ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിനൊപ്പം പൊതുസമൂഹത്തിലും എച്ച്.ഐ.വി. സംബന്ധിച്ച ശാസ്ത്രീയ അവബോധം വർധിപ്പിക്കുകയും, പരിശോധനയും ചികിത്സയും കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനോടൊപ്പം, എച്ച്.ഐ.വി. അണുബാധിതർ സമൂഹത്തിൽ ഇന്നും നേരിടുന്ന നിന്ദയും വിവേചനവും ഇല്ലാതാക്കി അവർക്ക് തുല്യമായ അവകാശങ്ങളും സാമൂഹിക അംഗീകാരവും ഉറപ്പാക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

എച്ച്.ഐ.വി. പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങളിൽ ആഗോളതലത്തിൽ UNAIDS മുന്നോട്ടുവച്ചിട്ടുള്ള പ്രധാന ലക്ഷ്യമാണ് **95-95-95 Target**. 2030-ഓടെ എച്ച്.ഐ.വി. അണുബാധയുടെ വ്യാപനം നിയന്ത്രണവിധേയമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഈ പദ്ധതി നടപ്പിലാക്കിവരുന്നു. എച്ച്.ഐ.വി. അണുബാധയുള്ളവരെ കണ്ടെത്തി രോഗനിർണയം

ഉറപ്പാക്കുക., അവരെ ചികിത്സയുമായി ബന്ധിപ്പിക്കുക, ചികിത്സയിലൂടെ വൈറസിന്റെ അളവ് നിയന്ത്രണവിധേയമാക്കുക എന്നിവയാണ് ഈ ലക്ഷ്യത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ.

95-95-95 എന്ന ലക്ഷ്യം മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഒന്നാമത്തെ 95% - എച്ച്.ഐ.വി. രോഗനിർണയം: എച്ച്.ഐ.വി. ബാധിതരായവരിൽ കുറഞ്ഞത് 95 ശതമാനം പേരെയെങ്കിലും പരിശോധനയിലൂടെ കണ്ടെത്തി രോഗനിർണയം ഉറപ്പാക്കുക.

രണ്ടാമത്തെ 95% - ART ചികിത്സ: രോഗനിർണയം നടത്തിയവരിൽ കുറഞ്ഞത് 95 ശതമാനം പേരെയും സൗജന്യ ആന്റി റെട്രോവൈറൽ ചികിത്സയിൽ (ART) ഉൾപ്പെടുത്തി ചികിത്സയുടെ തുടർച്ച ഉറപ്പാക്കുക.

മൂന്നാമത്തെ 95% - വൈറൽ ലോഡ് നിയന്ത്രണം: ART ചികിത്സയിൽ കഴിയുന്നവരിൽ കുറഞ്ഞത് 95 ശതമാനം പേരിലും വൈറൽ ലോഡ് ഫലപ്രദമായി നിയന്ത്രിച്ച് വൈറസിന്റെ അളവ് കണ്ടെത്താനാകാത്ത നിലയിൽ എത്തിക്കുക. ശരിയ്യയ രീതിടിയില് തുടർച്ചയായി മരുന്ന് കഴിക്കുന്നവരുടെ viral load പരിശോധിക്കുമ്പോൾ Target Not Detected എന്ന പരിശോധന ഫലം നിർണ്ണായകമാണ് . ഇത് U=U അതായത് Undetectable=Untransmittable എന്ന സുപ്രധാന അവസ്ഥയെ സൂചിപ്പിക്കുന്നു.

95-95-95 : 2026-സെപ്റ്റംബർ മാസം വരെയുള്ള നേട്ടം

പ്രദേശം	ആദ്യത്തെ 95	രണ്ടാമത്തെ 95	മൂന്നാമത്തെ 95
ഇന്ത്യ	92.80%	90.60%	>=95
കേരളം	90	>=95	>=95

Source: SOCH MAS DASH BOARD

കേരളത്തിലെ എച്ച്.ഐ.വി. അണുബാധ - സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കുകൾ (കഴിഞ്ഞ 5 വർഷത്തെ കണക്ക്)

സാമ്പത്തിക വർഷം	പുതുതായി സ്ഥിരീകരിച്ച എച്ച്.ഐ.വി. അണുബാധകൾ
2021-22	921
2022-23	1,183
2023-24	1,263
2024-25	1,213
2025-26	1,411
ആകെ	**5,991**

കേരളത്തിൽ വിവിധ സാമ്പത്തിക വർഷങ്ങളിലായി പുതുതായി സ്ഥിരീകരിക്കപ്പെട്ട എച്ച്.ഐ.വി. അണുബാധകളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ, കഴിഞ്ഞ അഞ്ച് വർഷങ്ങളിലും രോഗനിർണയം നടത്തുന്നവരുടെ എണ്ണത്തിൽ വ്യത്യാസങ്ങൾ

കാണാൻ സാധിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 921 പുതിയ അണുബാധകൾ റിപ്പോർട്ട് ചെയ്തപ്പോൾ, 2022-23-ൽ ഇത് 1,183 ആയും 2023-24-ൽ 1,263 ആയും ഉയർന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 1,213 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. 2025-26 സാമ്പത്തിക വർഷത്തിൽ 1,411 പുതിയ അണുബാധകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2026 ഏപ്രിൽ മുതൽ 2026 സെപ്റ്റംബർ വരെ 794 പേർക്ക് പുതിയതായി എച്ച്.ഐ.വി അണുബാധ കണ്ടെത്തി. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ഉൾപ്പെടെ ആകെ 4,681 പേർക്ക് പുതിയതായി അണുബാധ കണ്ടെത്തി.

ജില്ല തിരിച്ചുള്ള പുതിയ എച്ച്.ഐ.വി അണുബാധ കണക്കുകൾ

ജില്ല	2023-24	2024-25	2025-26	2026-27 (ഏപ്രിൽ-സെപ്റ്റംബർ)	ആകെ
ആലപ്പുഴ	**58**	**43**	**43**	**32**	**176**
എറണാകുളം	**241**	**232**	**292**	**175**	**940**
ഇടുക്കി	**41**	**41**	**66**	**41**	**189**
കണ്ണൂർ	**73**	**62**	**83**	**35**	**253**
കാസർഗോഡ്	**38**	**33**	**41**	**23**	**135**
കൊല്ലം	**59**	**71**	**72**	**50**	**252**
കോട്ടയം	**116**	**91**	**99**	**45**	**351**
കോഴിക്കോട്	**139**	**118**	**134**	**81**	**472**

മലപ്പുറം	**52**	**68**	**84**	**45**	**249**
പാലക്കാട്	**104**	**98**	**130**	**47**	**379**
പത്തനംതിട്ട	**26**	**51**	**65**	**37**	**179**
തിരുവനന്തപുരം	**150**	**161**	**152**	**87**	**550**
തൃശ്ശൂർ	**148**	**128**	**140**	**73**	**489**
വയനാട്	**18**	**16**	**10**	**23**	**67**
ആകെ	**1263**	**1213**	**1411**	**794**	**4681**

എച്ച്.ഐ.വി പകരുന്ന മാർഗങ്ങൾ

എച്ച്.ഐ.വി പ്രധാനമായും നാല് മാർഗങ്ങളിലൂടെയാണ് പകരുന്നത്: അണുബാധയുള്ള വ്യക്തിയുമായി സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക; അണുവിമുക്തമാക്കാത്ത സിറിഞ്ചും സൂചിയും പങ്കുവെച്ച് മയക്കുമരുന്ന് ഉപയോഗിക്കുക; അണുബാധയുള്ള രക്തം സ്വീകരിക്കുക; എച്ച്.ഐ.വി അണുബാധയുള്ള ഗർഭിണിയിൽ നിന്ന് കുഞ്ഞിലേക്ക് പകരുക.
കഴിഞ്ഞ മൂന്ന് വർഷത്തെ (2022 ഏപ്രിൽ മുതൽ 2025 ഒക്ടോബർ വരെ) കണക്കുകൾ പ്രകാരം കേരളത്തിലെ പുതിയ അണുബാധകളിൽ 62.6% സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലൂടെയും 24.6% സ്വവർഗ/ഉഭയലിംഗ ബന്ധങ്ങളിലൂടെയും 8.1% സൂചി/സിറിഞ്ച് പങ്കിടുന്നതിലൂടെയും 0.9% അമ്മയിൽ നിന്ന് കുഞ്ഞിലേക്കും ഉണ്ടായതാണ്. 2.7% കേസുകളിൽ കാരണം വ്യക്തമല്ല; 0.1% മിശ്ര കാരണങ്ങളാണ്.

രോഗപ്പകർച്ച മാർഗം	2023-24	2024-25	2025-26	2026-27 (ഏപ്രിൽ സെപ്റ്റംബർ)	ആകെ	%
ഭിന്നലിംഗ ലൈംഗികബന്ധം വഴി (Heterosexual)	822	733	808	421	2784	59.50 %
സ്വവർഗ്ഗ/ഉഭയലിംഗ ലൈംഗികബന്ധം വഴി (Homosexual/Bisexual)	312	322	401	216	1251	26.70 %
അണുബാധയുള്ള സിറിഞ്ചും സൂചിയും വഴി	84	125	154	118	481	10.30 %
അണുബാധയുള്ള രക്തവും രക്തഘടകങ്ങളും വഴി	4	0	2	1	7	0.10 %
അണുബാധയുള്ള അമ്മയിൽ നിന്ന് കുഞ്ഞിലേക്ക്	12	5	10	6	33	0.70 %
വ്യക്തമാക്കിയിട്ടില്ല	29	28	36	32	125	2.70 %
ആകെ	**1263**	**1213**	**1411**	**794**	**4681**	

2025-26-ൽ പുതുതായി സ്ഥിരീകരിച്ച അണുബാധകളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് 2025-26-ൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന കണക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, പുതുതായി സ്ഥിരീകരിക്കുന്ന കേസുകളുടെ എണ്ണം വർധിക്കുന്നത് രോഗവ്യാപനം വർധിക്കുന്നു എന്ന് അല്ല. പരിശോധനാ സൗകര്യങ്ങളുടെ വ്യാപനം, കൂടുതൽ ആളുകളെ പരിശോധനയ്ക്ക് വിധേയരാക്കുന്നത്, നേരത്തെയുള്ള രോഗനിർണയം എന്നിവയും റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

അതിനാൽ, എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം ലക്ഷ്യവിഭാഗങ്ങളിൽ പരിശോധന ഉറപ്പാക്കുക, നേരത്തെയുള്ള രോഗനിർണയം സാധ്യമാക്കുക, രോഗം സ്ഥിരീകരിക്കുന്ന എല്ലാവരെയും സൗജന്യ എ.ആർ.ടി. ചികിത്സയിൽ ഉൾപ്പെടുത്തുക, ചികിത്സയുടെ തുടർച്ചയും വൈറൽ ലോഡ് നിയന്ത്രണവും ഉറപ്പാക്കുക എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്.

KSACS-ന്റെ പ്രധാന ലക്ഷ്യങ്ങൾ

കേരളത്തിലെ എച്ച്.ഐ.വി./എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി KSACS പ്രധാനമായും താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് മുൻനിർത്തുന്നത്

- ✧ എച്ച്.ഐ.വി. അണുബാധയുടെ പുതിയ കേസുകൾ പരമാവധി കുറയ്ക്കുക.
- ✧ പൊതുജനങ്ങളിൽ എച്ച്.ഐ.വി. അണുബാധയെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവും പ്രതിരോധ ബോധവത്കരണവും വർധിപ്പിക്കുക.
- ✧ ഉയർന്ന അണുബാധാ സാധ്യതയുള്ള വിഭാഗങ്ങൾക്ക് പ്രതിരോധ സേവനങ്ങൾ ഉറപ്പാക്കുക.
- ✧ എച്ച്.ഐ.വി. പരിശോധനാ സേവനങ്ങൾ എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാക്കുക.
- ✧ എച്ച്.ഐ.വി. അണുബാധ സ്ഥിരീകരിച്ചവർക്ക് സമയബന്ധിതമായി ART ചികിത്സ ലഭ്യമാക്കുക.

- ചികിത്സയിൽ തുടരുന്നവരുടെ ആരോഗ്യനിലയും വൈറൽ ലോഡ് നിയന്ത്രണവും നിരന്തരം നിരീക്ഷിക്കു
- എച്ച്.ഐ.വി. ബാധിതരായ വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ സാമ്പത്തിക, പോഷകാഹാര, സാമൂഹിക പിന്തുണ നൽകുക.
- എച്ച്.ഐ.വി. ബാധിതരോടും പ്രധാന ജനവിഭാഗങ്ങളോടും സമൂഹത്തിൽ നിലനിൽക്കുന്ന വിവേചനം ഇല്ലാതാക്കുക.
- എച്ച്.ഐ.വി. അണുബാധിതയായ അമ്മയിൽനിന്ന് കുഞ്ഞിലേക്ക് അണുബാധ പകരുന്നത് തടയുക.
- വിവിധ സർക്കാർ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും വ്യാപിപ്പിക്കുക.

എച്ച്.ഐ.വി. അണുബാധയുടെ വ്യാപനം തടയുക, അണുബാധിതരായ വ്യക്തികൾക്ക് ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ഉറപ്പാക്കുക, രോഗബാധിതരോടുള്ള സാമൂഹിക വിവേചനം ഇല്ലാതാക്കുക, പൊതുജനങ്ങളിൽ ശാസ്ത്രീയമായ അവബോധം സൃഷ്ടിക്കുക എന്നിവയാണ് KSACS-ന്റെ പ്രധാന ലക്ഷ്യങ്ങൾ. സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സിവിൽ സൊസൈറ്റി സംഘടനകൾ, ദേശീയ-അന്തർദേശീയ പങ്കാളികൾ എന്നിവരുമായി സഹകരിച്ചാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ

കേരളത്തിൽ എച്ച്.ഐ.വി. അണുബാധയുടെ വ്യാപനം തടയുന്നതിനും പൊതുജനങ്ങളിൽ എച്ച്.ഐ.വി./എയ്ഡ്സ് സംബന്ധിച്ച ശരിയായ അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (KSACS) സംസ്ഥാനത്തുടനീളം വിവിധ പ്രതിരോധ, ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികൾ, യുവജനങ്ങൾ, തൊഴിലാളികൾ, അതിഥിത്തൊഴിലാളികൾ, പൊതുജനങ്ങൾ, വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവർ, എച്ച്.ഐ.വി. അണുബാധയ്ക്ക് ഉയർന്ന സാധ്യതയുള്ള വിഭാഗങ്ങൾ എന്നിവരെ കേന്ദ്രീകരിച്ചാണ് ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുന്നത്.

എച്ച്.ഐ.വി. അണുബാധ പകരുന്ന മാർഗങ്ങൾ, അണുബാധ തടയുന്നതിനുള്ള സുരക്ഷിതമായ മാർഗങ്ങൾ, സുരക്ഷിത ലൈംഗികാരോഗ്യ ശീലങ്ങൾ, കോണ്ടത്തിന്റെ ശരിയായ ഉപയോഗം, എച്ച്.ഐ.വി. പരിശോധനയുടെ പ്രാധാന്യം, നേരത്തെയുള്ള രോഗനിർണയം, സൗജന്യ ചികിത്സാ സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് ശാസ്ത്രീയവും കൃത്യവുമായ വിവരങ്ങൾ നൽകുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. ഇതോടൊപ്പം എച്ച്.ഐ.വി. സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകളും അനാവശ്യ ഭയവും അകറ്റുന്നതിനും എച്ച്.ഐ.വി. ബാധിതരോടുള്ള സാമൂഹിക നിന്ദയും വിവേചനവും ഇല്ലാതാക്കുന്നതിനുമുള്ള ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, പൊതുസ്ഥലങ്ങൾ, വിവിധ സാമൂഹിക കൂട്ടായ്മകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, ശില്പശാലകൾ, ക്യാമ്പയിനുകൾ, പ്രദർശനങ്ങൾ, തെരുവുനാടകങ്ങൾ, മറ്റ് കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ എച്ച്.ഐ.വി. പ്രതിരോധ സന്ദേശങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള വിവര, വിദ്യാഭ്യാസ, ആശയവിനിമയ (Information, Education and Communication - IEC) പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

ക്യാമ്പയിനുകൾ

എച്ച്ഐവി പിടിപ്പെടാനുള്ള സാഹചര്യത്തിലൂടെ കടന്നു പോയിട്ടുള്ളവരിൽ പരിശോധന നടത്തുന്നതുന്നുള്ള ഒരു ചിന്തയും പ്രോൽസഹനവും ഉണ്ടാക്കുന്നതിനായി **Know Your Status (KYS)** ക്യാംപെയിനും അമ്മയിൽ നിന്നും കുഞ്ഞിലേക്ക് എച്ച്ഐവിയും സിഫിലിസും തടയുന്നതിനുള്ള **Elimination of Vertical Transmission of HIV and Syphilis (EVTHS)** എന്ന ക്യാംപെയിനും ആരംഭിച്ചിട്ടുണ്ട്.

THILAK - Total HIV Literacy Achievement in Keralam

കേരളത്തിലുടനീളം സമ്പൂർണ്ണ എച്ച്.ഐ.വി (HIV) സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സംസ്ഥാനതല ജനകീയ ആരോഗ്യ ബോധവൽക്കരണ

പദ്ധതിയാണ് തിലക് (THILAK - Total HIV Literacy Achievement in Kerala). ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ അംഗീകാരം ലഭിച്ച ഈ പദ്ധതി, തദ്ദേശ സ്വയംഭരണ വകുപ്പ് (LSGD), നാഷണൽ സർവീസ് സ്കീം (NSS), ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. കേരളം സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയി (KSACS) പ്രാദേശിക ഭരണകൂടങ്ങളെയും സന്നദ്ധ പ്രവർത്തകരെയും ഏകോപിപ്പിച്ച് താഴെത്തട്ടിൽ നിന്നും എച്ച്.ഐ.വി സംബന്ധിച്ച തെറ്റിദ്ധാരണകളും വിവേചനവും ഇല്ലാതാക്കുക എന്നതാണ് ഈ പദ്ധതിയുടെ കാതൽ.

എച്ച്ഐവി പിടിപ്പെടാനുള്ള സാഹചര്യങ്ങളിൽ കൂടി കടന്നു പോയിട്ടുള്ള കൂടുതൽ ആളുകളെ എത്രയും നേരെത്തെ പരിശോധനയ്ക്ക് വിധേയരാക്കി അവർക്ക് ആവശ്യമായ ചികിത്സ നല്കുന്നതിനും നാം മുൻ ഗണന നല്കുന്നത് . എച്ച്ഐവി നേരെത്തെ കണ്ടെത്തി ശരിയായ രീതിയിൽ ചികിത്സ എടുക്കുകയാണെങ്കിൽ ആ വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്ക് അണുബാധ പകരാത്ത വിധം അണുവിനെ നിരവീര്യമാക്കാൻ സാധിക്കും.

ബ്രേക്ക് ഫ്രീ ക്യാമ്പയിൻ - എച്ച്.ഐ.വി. സാധ്യത സ്വയം വിലയിരുത്തുന്നതിനുള്ള

HIV Risk Self-Assessment QR കോഡ്

എച്ച്.ഐ.വി. പ്രതിരോധത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, എച്ച്.ഐ.വി. അണുബാധയ്ക്കുള്ള സാധ്യത സ്വയം വിലയിരുത്തുന്നതിന്

വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ദേശീയ എയ്ഡ്സ് നിയന്ത്രണ സംഘടന (NACO) ആവിഷ്കരിച്ചിട്ടുള്ള ഒരു ബോധവൽക്കരണ സംരംഭമാണ് **ബ്രേക്ക് ഫ്രീ ക്യാമ്പയിൻ (Break Free Campaign)**

ഈ ക്യാമ്പയിന്റെ ഭാഗമായി, എച്ച്.ഐ.വി. അണുബാധയ്ക്കുള്ള സാധ്യത സ്വയം വിലയിരുത്തുന്നതിനായി **HIV Risk Self-Assessment QR Code** വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത QR കോഡ് സ്കാൻ ചെയ്യുന്നതിലൂടെ വ്യക്തികൾക്ക് സ്വയം വിലയിരുത്തൽ പ്ലാറ്റ്ഫോമിലേക്ക് പ്രവേശിക്കാനും, എച്ച്.ഐ.വി. അണുബാധാ സാധ്യതയുമായി ബന്ധപ്പെട്ട ഏതാനും ചോദ്യങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് തങ്ങളുടെ സാധ്യത വിലയിരുത്താനും സാധിക്കും. ഇതിലൂടെ എച്ച്.ഐ.വി. പരിശോധന ആവശ്യമുണ്ടോ എന്നും തുടർ മാർഗനിർദേശങ്ങൾ തേടേണ്ടതുണ്ടോ എന്നും മനസ്സിലാക്കാൻ സാധിക്കും.

പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവരിലേക്ക് ക്യാമ്പയിന്റെ സന്ദേശം വ്യാപകമായി എത്തിക്കുന്നതിനൊപ്പം വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും ഏകോപനത്തോടെയും ക്യാമ്പയിൻ സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു. വിവിധ വകുപ്പുകളുടെ ശൃംഖലയും സംവിധാനങ്ങളും പ്രയോജനപ്പെടുത്തി എച്ച്.ഐ.വി. പ്രതിരോധം, പരിശോധന, ചികിത്സ എന്നിവയെക്കുറിച്ചുള്ള അവബോധം ജനങ്ങളിലേക്ക് എത്തിക്കുകയും **HIV Risk Self-Assessment QR Code** പരമാവധി ആളുകളിലേക്ക് പ്രചരിപ്പിക്കുകയും ചെയ്യുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എച്ച്ഐവി പ്രതിരോധം, നിയന്ത്രണം അണുബാധിതരുടെ ചികിത്സ, പരിചരണം തുടങ്ങിയ മേഖലകളിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (KSACS) വിവിധ പദ്ധതികളാണ് നടത്തി വരുന്നത് ഇതിനായി KSACS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സേവന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

എ ച്ച്.ഐ.വി. പരിശോധനാ സേവനങ്ങൾ - ജ്യോതിസ് (Jyothis)

എച്ച്.ഐ.വി. അണുബാധ നേരത്തേ കണ്ടെത്തുന്നതിനും അണുബാധയുള്ളവരെ സമയബന്ധിതമായി ചികിത്സാ സംവിധാനങ്ങളുമായി ബന്ധിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം 90 സംയോജിത കൗൺസിലിംഗ്-പരിശോധനാ കേന്ദ്രങ്ങൾ (Integrated Counselling and Testing Centres - ICTC) പ്രവർത്തിച്ചുവരുന്നു. ജ്യോതിസ് (Jyothis) എന്നറിയപ്പെടുന്ന ഈ കേന്ദ്രങ്ങൾ എച്ച്.ഐ.വി. പ്രതിരോധ, പരിശോധനാ പ്രവർത്തനങ്ങളുടെ പ്രധാന സേവനകേന്ദ്രങ്ങളാണ്.

സർക്കാർ ആശുപത്രികൾ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ICTC കേന്ദ്രങ്ങളിലൂടെ എച്ച്.ഐ.വി. പരിശോധനയും കൗൺസിലിംഗും സൗജന്യമായി ലഭ്യമാക്കുന്നു. പരിശോധനയ്ക്ക് എത്തുന്ന വ്യക്തികൾക്ക് പരിശോധനയ്ക്ക് മുമ്പും ശേഷവും ആവശ്യമായ കൗൺസിലിംഗ് നൽകുകയും പരിശോധനയുടെ പ്രാധാന്യം, എച്ച്.ഐ.വി.

അണുബാധ പകരുന്ന മാർഗങ്ങൾ, പ്രതിരോധ മാർഗങ്ങൾ, തുടർചികിത്സാ സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരണം നടത്തുകയും ചെയ്യുന്നു. പരിശോധനാ ഫലങ്ങളുടെ രഹസ്യസ്വഭാവം സംരക്ഷിച്ചുകൊണ്ട് വ്യക്തിയുടെ അറിവോടെയുള്ള സമ്മതത്തോടെയാണ് പരിശോധന നടത്തുന്നത്. സൗജന്യ എച്ച്.ഐ.വി. പരിശോധന: നിശ്ചിത ദേശീയ മാർഗനിർദേശങ്ങൾ അനുസരിച്ച് സൗജന്യവും രഹസ്യസ്വഭാവമുള്ളതുമായ പരിശോധനാ സൗകര്യം ലഭ്യമാക്കുന്നു. മറ്റ് ആരോഗ്യ സേവനങ്ങളിലേക്കുള്ള റഫറൽ: ആവശ്യാനുസരണം ക്ഷയരോഗം (TB), ലൈംഗികജന്യ അണുബാധകൾ (STI), മറ്റ് അനുബന്ധ ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്കുള്ള പരിശോധനയും ചികിത്സയും ലഭ്യമാക്കുന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നു.

ആന്റി റെട്രോവൈറൽ ചികിത്സാ സേവനങ്ങൾ - ART (ഉഷസ്)

എച്ച്.ഐ.വി. അണുബാധിതർക്ക് സൗജന്യവും ഗുണമേന്മയുള്ളതും തുടർച്ചയായതുമായ ചികിത്സ ഉറപ്പാക്കുക എന്നത് കേരളം സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ (KSACS) പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്. ഇതിനായി സംസ്ഥാനത്തെ വിവിധ സർക്കാർ, അംഗീകൃത സ്വകാര്യ ആശുപത്രികളിലായി 21 ആന്റി റെട്രോവൈറൽ ചികിത്സാ കേന്ദ്രങ്ങൾ (Antiretroviral Therapy Centres - ART Centres) പ്രവർത്തിച്ചുവരുന്നു. ഉഷസ് (USHUS) എന്ന പേരിൽ അറിയപ്പെടുന്ന ഈ കേന്ദ്രങ്ങൾ എച്ച്.ഐ.വി. ബാധിതർക്ക്

ചികിത്സയും തുടർപരിചരണവും മാനസിക പിന്തുണയും ഉറപ്പാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

എച്ച്.ഐ.വി. അണുബാധ സ്ഥിരീകരിക്കുന്ന വ്യക്തികളെ ICTC കേന്ദ്രങ്ങളിൽനിന്നും ART കേന്ദ്രങ്ങളിലേക്ക് ബന്ധിപ്പിക്കുകയും ആവശ്യമായ പരിശോധനകൾക്ക് ശേഷം ചികിത്സ ആരംഭിക്കുകയും ചെയ്യുന്നു. ആന്റി റെട്രോവൈറൽ മരുന്നുകൾ ക്യത്യമായും നിശ്ചിത സമയത്തും തുടർച്ചയായും ഉപയോഗിക്കുന്നതിലൂടെ ശരീരത്തിലെ വൈറസിന്റെ അളവ് നിയന്ത്രിക്കാനും പ്രതിരോധശേഷി മെച്ചപ്പെടുത്താനും രോഗബാധയുമായി ബന്ധപ്പെട്ട സങ്കീർണതകൾ കുറയ്ക്കാനും സാധിക്കുന്നു. എച്ച്.ഐ.വി. ബാധിതർക്ക് ദീർഘകാലം ആരോഗ്യകരവും സാധാരണവുമായ ജീവിതം നയിക്കാൻ ART ചികിത്സ സഹായിക്കുന്നു.

കെയർ ആൻഡ് സപ്പോർട്ട് സെന്ററുകൾ - Care and Support Centres (CSC)

എച്ച്.ഐ.വി. അണുബാധിതർക്ക് ചികിത്സാ സേവനങ്ങൾക്കൊപ്പം ആവശ്യമായ മാനസിക, സാമൂഹിക, സാമ്പത്തിക പിന്തുണയും പരിചരണവും ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ (KSACS) നേതൃത്വത്തിൽ 7 കെയർ ആൻഡ് സപ്പോർട്ട് സെന്ററുകൾ (Care and Support Centres - CSC) പ്രവർത്തിച്ചുവരുന്നു. എച്ച്.ഐ.വി. ബാധിതർ നേരിടുന്ന മാനസിക സമ്മർദം, സാമൂഹിക ഒറ്റപ്പെടൽ, വിവേചനം, കുടുംബപരമായ പ്രശ്നങ്ങൾ, തുടങ്ങിയവ പരിഹരിക്കുന്നതിനും

ആരോഗ്യകരവുമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനുമാണ് ഈ കേന്ദ്രങ്ങൾ പ്രധാനമായും ലക്ഷ്യമിടുന്നത്.

ART ചികിത്സയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ചികിത്സയുടെ തുടർച്ച ഉറപ്പാക്കുക, ചികിത്സ മുടങ്ങാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക, ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ആവശ്യമായ മാർഗനിർദേശങ്ങളും പിന്തുണയും നൽകുക എന്നിവ CSC-കളുടെ പ്രധാന പ്രവർത്തനങ്ങളാണ്. ഇതിനായി വ്യക്തിഗത കൗൺസിലിംഗ്, കുടുംബ കൗൺസിലിംഗ്, മാനസിക പിന്തുണ, ചികിത്സാ ബോധവത്കരണം, തുടങ്ങിയ സേവനങ്ങൾ നൽകുന്നു.

DSRC സേവനങ്ങൾ - (Designated STI/RTI Centres) പുലരി

ലൈംഗികമായി പകരുന്ന അണുബാധകൾ (Sexually Transmitted Infections - STI), പ്രത്യുത്പാദന ജനനേന്ദ്രിയ അണുബാധകൾ (Reproductive Tract Infections - RTI) എന്നിവ നേരത്തേ കണ്ടെത്തുന്നതിനും സമയബന്ധിതമായ ചികിത്സ ഉറപ്പാക്കുന്നതിനുമായി കേരളം സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ (KSACS) നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലായി 23 STI/RTI ക്ലിനിക്കുകൾ (Designated STI/RTI Centres - DSRC) പ്രവർത്തിച്ചുവരുന്നു. പുലരി (PULARI) എന്ന പേരിൽ അറിയപ്പെടുന്ന ഈ കേന്ദ്രങ്ങൾ ലൈംഗികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

STI/RTI അണുബാധകൾ മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയുക, ആവശ്യമായ പരിശോധനകൾ നടത്തുക, സൗജന്യ ചികിത്സയും മരുന്നുകളും ലഭ്യമാക്കുക, അണുബാധയുടെ തുടർവ്യാപനം തടയുക എന്നിവയാണ് ഈ കേന്ദ്രങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ. ലൈംഗികമായി പകരുന്ന അണുബാധകൾക്ക് സമയബന്ധിതമായി ചികിത്സ ലഭിക്കാത്തത് വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകാൻ സാധ്യതയുള്ളതിനാൽ നേരത്തെയുള്ള രോഗനിർണയത്തിനും ചികിത്സയ്ക്കും പ്രത്യേക പ്രാധാന്യം നൽകുന്നു.

ടാർഗറ്റഡ് ഇന്റർവെൻഷൻ (TI) പ്രവർത്തനങ്ങൾ (സുരക്ഷ)

എച്ച്.ഐ.വി. അണുബാധയ്ക്ക് കൂടുതൽ സാധ്യതയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ അണുബാധകൾ തടയുന്നതിനുമായി കേരളത്തിൽ 64 ടാർഗറ്റഡ് ഇന്റർവെൻഷൻ (Targeted Intervention - TI) പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്ത്രീ ലൈംഗിക തൊഴിലാളികൾ (FSW), സ്വവർഗരതിയിൽ ഏർപ്പെടുന്ന പുരുഷന്മാർ (MSM), ട്രാൻസ്ജെൻഡർ വ്യക്തികൾ (TG), കുത്തിവയ്പ്പിലൂടെ മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, അതിഥി തൊഴിലാളികൾ, ട്രാൻസ്പോർട്ട് തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിലാണ് പ്രധാനമായും ഈ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നത്.

കമ്മ്യൂണിറ്റി അധിഷ്ഠിത സംഘടനകൾ എന്നിവരുടെ സഹായത്തോടെ ലക്ഷ്യവിഭാഗങ്ങളിലേക്ക് നേരിട്ട്

എത്തിച്ചേരുകയും എച്ച്.ഐ.വി. ബോധവത്കരണം, സുരക്ഷിത ലൈംഗിക ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കൽ, സൗജന്യവും ഗുണമേന്മയുള്ളതുമായ ഉറകൾ വിതരണം, എച്ച്.ഐ.വി. പരിശോധനയ്ക്കുള്ള സൗകര്യമൊരുക്കൽ, ലൈംഗികമായി പകരുന്ന അണുബാധകൾ (STI/RTI) കണ്ടെത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള സേവനങ്ങൾ എന്നിവ ഉറപ്പാക്കുകയും ചെയ്യുന്നു.

ഇതിനുപുറമെ, മയക്കുമരുന്ന് കുത്തിവയ്പ്പിലൂടെ ഉപയോഗിക്കുന്നവർക്കായി സുരക്ഷിതമായ സൂചി-സിറിഞ്ച് കൈമാറ്റം, ഓപിയോയിഡ് സബ്സ്റ്റിറ്റ്യൂഷൻ തെറാപ്പി (OST) സേവനങ്ങളിലേക്കുള്ള ബന്ധിപ്പിക്കൽ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

എച്ച്.ഐ.വി. അണുബാധിതരായി കണ്ടെത്തുന്നവരെ ART ചികിത്സാ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുകയും ചികിത്സയുടെ തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നു. അതോടൊപ്പം, സമൂഹത്തിൽ നിലനിൽക്കുന്ന നിന്ദയും വിവേചനവും കുറയ്ക്കുന്നതിനും ലക്ഷ്യവിഭാഗങ്ങളുടെ പങ്കാളിത്തവും അവകാശങ്ങളും ഉറപ്പാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നു.

ബോധവത്കരണ പ്രവർത്തനങ്ങൾ (IEC - Information, Education and Communication)

എച്ച്.ഐ.വി./എയ്ഡ്സ് സംബന്ധിച്ച ശാസ്ത്രീയമായ അറിവും ശരിയായ അവബോധവും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിനും അണുബാധയുടെ

വ്യാപനം തടയുന്നതിനുമായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ (KSACS) നേതൃത്വത്തിൽ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ബോധവത്കരണ പരിപാടികളിലൂടെ എച്ച്.ഐ.വി. അണുബാധയുടെ വ്യാപനരീതികൾ, അണുബാധ പകരാത്ത സാഹചര്യങ്ങൾ, പ്രതിരോധ മാർഗങ്ങൾ, സുരക്ഷിത ലൈംഗിക ശീലങ്ങൾ, എച്ച്.ഐ.വി. പരിശോധനയുടെ ആവശ്യകത, സൗജന്യ പരിശോധനാ-ചികിത്സാ സേവനങ്ങളുടെ ലഭ്യത, ART ചികിത്സയുടെയും വൈറൽ ലോഡ് പരിശോധനയുടെയും പ്രാധാന്യം എന്നിവ സംബന്ധിച്ച ശാസ്ത്രീയമായ വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നു. കൂടാതെ, എച്ച്.ഐ.വി. ബാധിതർ നേരിടുന്ന സാമൂഹിക കളങ്കവും വിവേചനവും ഇല്ലാതാക്കുന്നതിനും അവരുടെ അവകാശങ്ങളും, സാമൂഹിക സാഹചര്യം സൃഷ്ടിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകുന്നു.

അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ആധുനിക ഡിജിറ്റൽ ആശയവിനിമയ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ടെലിവിഷൻ, റേഡിയോ, പത്രങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവയ്ക്കു പുറമെ പോസ്റ്ററുകൾ, ലഘുലേഖകൾ, ബാനറുകൾ, ബോധവത്കരണ വീഡിയോകൾ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ-വിഷ്വൽ സന്ദേശങ്ങൾ എന്നിവയിലൂടെയും വിവിധ ജനവിഭാഗങ്ങളിലേക്ക് ആരോഗ്യസന്ദേശങ്ങൾ എത്തിക്കുന്നു.

സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, തൊഴിലാളികൾ, അതിഥി തൊഴിലാളികൾ, ട്രാൻസ്പോർട്ട്

തൊഴിലാളികൾ, സ്ത്രീകൾ, വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, റാലികൾ, പരിശീലന പരിപാടികൾ, തെരുവുനാടകങ്ങൾ, ഫ്ലാഷ് മോബുകൾ, ക്വിസ് മത്സരങ്ങൾ, പ്രത്യേക ദിനാചരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

മുഖ്യധാരാവൽക്കരണം (Mainstreaming) വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ എച്ച്.ഐ.വി./എയ്ഡ്സ് പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എച്ച്.ഐ.വി./എയ്ഡ്സ് പ്രതിരോധവും നിയന്ത്രണവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും വിവിധ വകുപ്പുകളുടെയും സജീവ പങ്കാളിത്തത്തോടെ ഏകോപിതമായി നടപ്പിലാക്കുക എന്നതാണ് മെയിൻസ്ട്രീമിംഗ് പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. ഇതിനായി വിവിധ വകുപ്പുകളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ, പരിശീലനങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

വിവിധ സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന പദ്ധതികളിലും വകുപ്പുതല പരിപാടികളിലും എച്ച്.ഐ.വി./എയ്ഡ്സ് പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ ഏകോപനം നടത്തുക. അതത് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും

പങ്കാളിത്തത്തോടെ ബോധവൽക്കരണ ക്ലാസുകൾ, പരിശീലന പരിപാടികൾ, ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിക്കുകയും വകുപ്പുകളുടെ നിലവിലുള്ള സംവിധാനങ്ങളും പ്രവർത്തന ശൃംഖലകളും പ്രയോജനപ്പെടുത്തി എച്ച്.ഐ.വി. പ്രതിരോധ സന്ദേശങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുക. വിവിധ വകുപ്പുകളുമായി നിരന്തരമായ ഏകോപനവും സഹകരണവും ഉറപ്പാക്കി എച്ച്.ഐ.വി./എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ അവരുടെ പതിവ് പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

അന്താരാഷ്ട്ര യുവജന ദിനം (ആഗസ്റ്റ് 12) ലോക എയ്ഡ്സ് ദിനം (ഡിസംബർ 1), ദേശീയ യുവജനദിനം (ജനുവരി 12), അന്താരാഷ്ട്ര വനിതാദിനം (മാർച്ച് 8) തുടങ്ങിയ പ്രധാന ദിനങ്ങളോടനുബന്ധിച്ചും പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

ഇതിലൂടെ എച്ച്.ഐ.വി. സംബന്ധിച്ച തെറ്റിദ്ധാരണകൾ ഇല്ലാതാക്കുക, പ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുക, പരിശോധനയ്ക്കും ചികിത്സയ്ക്കും പ്രോത്സാഹനം നൽകുക, എച്ച്.ഐ.വി. ബാധിതർക്ക് വിവേചനരഹിതവും അന്തസ്സുള്ളതുമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് KSACS ലക്ഷ്യമിടുന്നത്.

സുരക്ഷിത രക്തദാനം (Blood Safety)

- സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ (KSBTC) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയോടൊപ്പം പ്രവർത്തിക്കുന്നു.
    - സംസ്ഥാനത്ത് 208 അംഗീകൃത രക്തബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്.
    - കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താനും എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും സഹായിക്കുന്നു

HIV/AIDS (Prevention and Control) Act, 2017

കേരളത്തിൽ എച്ച്.ഐ.വി. അണുബാധിതരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരോടുള്ള സാമൂഹിക കളങ്കവും വിവേചനവും തടയുന്നതിനും ലക്ഷ്യമിട്ടുള്ള നിയമമാണ് 2017-ലെ HIV and AIDS (Prevention and Control) Act. ഈ നിയമത്തിന്റെ സംസ്ഥാനതല നിർവഹണത്തിൽ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS) സംസ്ഥാന സർക്കാരുമായും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായും ഏകോപനം നടത്തി പ്രവർത്തിക്കുന്നു.

നിയമപ്രകാരം എച്ച്.ഐ.വി. നിലയുടെ പേരിൽ വ്യക്തികൾക്ക് വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യപരിചരണം, താമസം, പൊതുസേവനങ്ങൾ തുടങ്ങിയ മേഖലകളിൽ

വിവേചനം നേരിടേണ്ടിവരാതിരിക്കാനുള്ള നടപടികൾക്ക് പ്രാധാന്യം നൽകുന്നു. എച്ച്.ഐ.വി. പരിശോധനയ്ക്കും ചികിത്സയ്ക്കും ആവശ്യമായ സമ്മതം, സ്വകാര്യത, രോഗവിവരങ്ങളുടെ രഹസ്യസ്വഭാവം എന്നിവ സംരക്ഷിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

കൂടാതെ, എച്ച്.ഐ.വി. ബാധിതർക്കെതിരായ വിവേചനപരമായ നടപടികൾ തടയുക, പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, നിയമപരമായ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലും അവബോധം സൃഷ്ടിക്കുക എന്നിവയും ഇതിന്റെ ഭാഗമാണ്.

KSACS വിവിധ സർക്കാർ വകുപ്പുകൾ, ആരോഗ്യസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സിവിൽ സൊസൈറ്റി സംഘടനകൾ എന്നിവയുമായി സഹകരിച്ച് നിയമത്തെക്കുറിച്ചുള്ള ബോധവത്കരണവും ഏകോപന പ്രവർത്തനങ്ങളും നടത്തുന്നു.

എച്ച്.ഐ.വി. അണുബാധിതർക്കായി കേരള സർക്കാർ നടപ്പിലാക്കിവരുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ

എച്ച്.ഐ.വി. അണുബാധിതർക്കു സാമ്പത്തികവും സാമൂഹികവുമായ സുരക്ഷ ഉറപ്പാക്കുന്നതിനും മെച്ചപ്പെട്ട ജീവിതനിലവാരം പ്രദാനം ചെയ്യുന്നതിനുമായി കേരള സർക്കാർ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ (KSACS) നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

1. പ്രതിമാസ ചികിത്സാ ധനസഹായ പദ്ധതി

സർക്കാർ ആശുപത്രികളിലെ എ.ആർ.ടി. (ART) കേന്ദ്രങ്ങളിൽനിന്ന് ചികിത്സ സ്വീകരിക്കുന്ന എച്ച്.ഐ.വി. ബാധിതർക്ക് ചികിത്സ ധനസഹായമായി പ്രതിമാസം 1,000 രൂപ വീതം നൽകിവരുന്നു.

2. പോഷകാഹാര വിതരണ പദ്ധതി

എച്ച്.ഐ.വി. അണുബാധിതരുടെ ആരോഗ്യവും പോഷകാഹാര നിലവാരവും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദേശപ്രകാരം ജില്ലാ പഞ്ചായത്തുകളുടെ തനത് ഫണ്ട് വിനിയോഗിച്ച് പോഷകാഹാര വിതരണ പദ്ധതി നടപ്പിലാക്കിവരുന്നു. ജില്ലാ തലത്തിലുള്ള എച്ച്.ഐ.വി. അണുബാധിതരുടെ നെറ്റ്വർക്കുകൾ മുഖേന എ.ആർ.ടി. ചികിത്സ സ്വീകരിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്കാണ് പോഷകാഹാരം വിതരണം ചെയ്യുന്നത്.

3. ബി.പി.എൽ ആനുകൂല്യങ്ങൾ

എച്ച്.ഐ.വി. അണുബാധിതരായ കുടുംബങ്ങൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തി സർക്കാർ ആനുകൂല്യങ്ങളും വിവിധ സാമൂഹിക സുരക്ഷാ സേവനങ്ങളും ലഭ്യമാക്കുന്നു.

4. സ്നേഹപൂർവ്വം വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എച്ച്.ഐ.വി. അണുബാധിതരായ കുട്ടികൾക്ക് വിദ്യാഭ്യാസം തടസ്സമില്ലാതെ തുടരുന്നതിനും പഠനവുമായി ബന്ധപ്പെട്ട സാമ്പത്തിക ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹപൂർവ്വം സ്കോളർഷിപ്പ് പദ്ധതിയുടെ ആനുകൂല്യങ്ങൾ അർഹരായ കുട്ടികൾക്ക് ലഭ്യമാക്കിവരുന്നു.

5. ആയുഷ്മാൻ ഭാരത് ആരോഗ്യ പരിരക്ഷാ പദ്ധതി

ആയുഷ്മാൻ ഭാരത് ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ ഉൾപ്പെടാൻ അർഹതയുള്ള എച്ച്.ഐ.വി. അണുബാധിതർക്ക് പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ആരോഗ്യ പരിരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. സൗജന്യ പാപ്സ്മിയർ പരിശോധന

എച്ച്.ഐ.വി. അണുബാധിതരായ സ്ത്രീകളിൽ ഗർഭാശയ കാൻസർ ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ തുടർചികിത്സ

ഉറപ്പാക്കുന്നതിനുമായി സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ മുഖേന സൗജന്യ പാപ്സ്മിയർ പരിശോധനാ സൗകര്യം ലഭ്യമാക്കിവരുന്നു.

7. ലൈഫ് മിഷൻ ഭവന പദ്ധതി

ഭവനരഹിതരും സ്വന്തമായി വീടില്ലാത്തവരുമായ എച്ച്.ഐ.വി. അണുബാധിത കുടുംബങ്ങൾക്ക് ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ വീട് ലഭ്യമാക്കുന്നു. സ്വന്തമായി ഭൂമിയുള്ള അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ നിബന്ധനകളും മാനദണ്ഡങ്ങളും അനുസരിച്ച് ഭവനസൗകര്യം ലഭ്യമാക്കുന്നു.

1097 - എച്ച്.ഐ.വി./എയ്ഡ്സ് വിവര-സഹായ ടെലിഫോൺ സേവനം

എച്ച്.ഐ.വി./എയ്ഡ്സ് സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് കൃത്യമായ വിവരങ്ങളും ശാസ്ത്രീയമായ മാർഗനിർദേശങ്ങളും ലഭ്യമാക്കുന്നതിനുമായി ദേശീയ എയ്ഡ്സ് നിയന്ത്രണ സംഘടനയുടെ (NACO) നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ ഫ്രീ ഹെൽപ്ലൈൻ നമ്പറാണ് 1097.

ഈ സേവനത്തിലൂടെ എച്ച്.ഐ.വി. അണുബാധ പകരുന്ന മാർഗങ്ങൾ, പ്രതിരോധ മാർഗങ്ങൾ, പരിശോധനയുടെ പ്രാധാന്യം, പരിശോധനാ കേന്ദ്രങ്ങളുടെ ലഭ്യത, ART ചികിത്സ, ലൈംഗികമായി പകരുന്ന അണുബാധകൾ (STI), നിയമ പരിരക്ഷ തുടങ്ങിയ വിഷയങ്ങളിൽ വിവരങ്ങളും മാർഗനിർദേശങ്ങളും ലഭ്യമാക്കുന്നു.

എച്ച്.ഐ.വി. സംബന്ധിച്ച തെറ്റിദ്ധാരണകൾ മാറ്റുക, പരിശോധനയ്ക്കും ചികിത്സയ്ക്കും പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുക, ആവശ്യമായ ആരോഗ്യസേവനങ്ങളിലേക്ക് വ്യക്തികളെ ബന്ധിപ്പിക്കുക എന്നിവയാണ് ഈ ഹെൽപ്ലൈൻ സേവനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

സ്വകാര്യതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സംശയങ്ങൾ ചോദിക്കാനും ആവശ്യമായ വിവരങ്ങൾ തേടാനും ഈ സേവനം പൊതുജനങ്ങൾക്ക് സഹായകരമാണ്.